(ഡി) ഉണ്ട്.

(ഇ) വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി റോഡുകൾ, ഭവനങ്ങൾ എന്നിവയ്ക്ക് കാര്യമായ നാശനഷ്ടങ്ങൾ വരാറില്ല. എന്നാൽ, അത്തരം നാശ നഷ്ടങ്ങൾ വെള്ളപ്പൊക്കക്കെടുതികൾമൂലമാണ് സംഭവിക്കാറുള്ളത്. അതിന് പ്രത്യേക കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

റവന്യൂ വകുപ്പിൽ ഗുഡ് ഗവേണൻസ് നടപ്പിലാക്കാൻ നടപടി

29 (*149) ശ്രീ. എ. സുജനപാൽ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ സദ്ഭരണം (ഗുഡ് ഗവേണൻസ്) നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഗുഡ് ഗവേണൻസ് പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ;

(സി) ഗുഡ് ഗവേണൻസ് പ്രയോഗികമാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ഡി) എല്ലാ ജില്ലാ കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും ഇത് സംബന്ധിച്ച് നടപടി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് പറയാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കോട്ടയം ജില്ലയിൽ ആദ്യമായും തുടർന്ന് എറണാകുളം ജില്ലയിലും സദ്ഭരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഗുഡ് ഗവേണൻസ് പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ താഴെ പറയുന്നു :

1. ജോലിയുടെ കാര്യത്തിൽ പ്രവർത്തനക്ഷമതയും സേവനകാര്യത്തിൽ ജനസംതൃപ്തിയും ഉയർത്തുക.
2. ഉദ്യോഗസ്ഥൻമാരിൽ പെരുമാറ്റ രീതികൾ മെച്ചപ്പെടുത്തുക.
3. പ്രവർത്തന പാരമ്പര്യം നല്ലതാക്കുക.
4. പൊതുജനങ്ങളുടെ കാര്യത്തിൽ താൽപ്പര്യം, ബഹുമാനം, സഹായമനോഭാവം, സഹാനുഭൂതി എന്നിവ വളർത്തുക.
5. മൂല്യബോധം വളർത്തുക.
6. ഉയർന്ന ലക്ഷ്യബോധവും ആദർശങ്ങളിൽ അധിഷ്ഠിതമാക്കി ജീവിത സ്വപ്നവും വളർത്തുക.

LIBRARY ARCHIVES Kerala Legislative Assembly

7. ജോലിയെ മനസ്സിലാക്കി അർത്ഥവത്തായി കണ്ടുകൊണ്ട് ആസ്വദിക്കാനുള്ള കഴിവു വളർത്തുക.

(സി)1. ഉപഭോക്താക്കൾക്ക് മുൻഗണന കൊടുക്കുക.

2. ആഫീസിനേയും ഉദ്യോഗസ്ഥരേയും നിശ്ചിത സമയങ്ങളിൽ ആർക്കും സമീപിക്കാം എന്ന അവസ്ഥ സൃഷ്ടിക്കുക.

3. നിയമങ്ങൾ നടപടി ക്രമങ്ങൾ, മാനദണ്ഡങ്ങൾ, തീരുമാനങ്ങൾ എന്നിവയുടെ കാര്യത്തിൽ പൂർണ്ണമായ സുതാര്യത ഉറപ്പ് വരുത്തുക.

4. ഉത്തരവാദിത്വങ്ങളുടെ കാര്യത്തിൽ പൂർണ്ണമായ കണക്ക് ബോധിപ്പിക്കാൻ (അക്കൗണ്ടബിലിറ്റി) ഉറപ്പു വരുത്തുക.

5. ആഫീസിന്റെയും വ്യക്തിയുടെയും പ്രവർത്തനങ്ങളിൽ കാര്യക്ഷമതയുടെ തോത് ഉയർത്തുക.

6. സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ഉയർന്ന ഫലപ്രാപ്തി (എഫക്റ്റീവ്നസ്) ഉറപ്പു വരുത്തുക.

7. വ്യക്തികളുടേയും സെക്ഷനുകളുടെയും പ്രവർത്തനവും നടപടി ക്രമങ്ങളും പരമാവധി നവീകരിക്കുക.

8. നിയമങ്ങളും നടപടിക്രമങ്ങളും പരമാവധി ലഘൂകരിക്കുക.

9. ഇടമുറിയാത്ത സേവനം ഉറപ്പു വരുത്തുക.

10. ഉൽപ്പന്നങ്ങൾ, സേവനം എന്നിവയുടെ കാര്യത്തിൽ ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാവുന്ന അവസ്ഥ സൃഷ്ടിക്കുക.

11. ആഫീസിന്റെ പ്രവർത്തനത്തിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ പരമാവധി ഉപയോഗിക്കുക.

12. ഓരോ ആഫീസിലും ഉപഭോക്താക്കളുടെ അവകാശ പത്രിക തയ്യാറാക്കി പ്രദർശിപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

13. ഓരോ ഉദ്യോഗസ്ഥന്റെയും പെരുമാറ്റം പരമാവധി മാന്യതയുള്ളതും തൃപ്തികരവും ആക്കുക.

14. സന്ദർശകർക്ക് അത്യാവശ്യമായ കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം എന്നിവ ഉറപ്പു വരുത്തുക.

15. ഉദ്യോഗസ്ഥർക്ക് തുടർച്ചയായ പരിശീലനം കൊടുക്കുക.

(ഡി) ഈ പരിപാടി എല്ലാ തലങ്ങളിലേക്കും കഴിയുന്നത്ര വ്യാപിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly